# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 4752 — 21-10-2011-ൽ മറുപടിക്ക്

## വൈദ്യുതി സർചാർജ്ജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, കെ. അജിത്<br>,, ചിറ്റയം ഗോപകുമാർ<br>,, പി. തിലോത്തമൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി സർചാർജ്ജ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്നുമുതൽ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>2011 ഒക്ടോബർ മാസം 1 മുതൽ ഉളള വൈദ്യുത ഉപഭോഗത്തിന്മേലാണ് സർചാർജ്ജ് ഈടാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. പ്രതിമാസം 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ സർചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) വൈദ്യുതി ബോർഡിന് പിരിഞ്ഞ് കിട്ടാനുള്ള മൊത്തം കുടിശ്ശിക തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ, ഇതിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ളത് എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ക്രോഡീകരിച്ചുള്ള കണക്കുകൾ പ്രകാരം 30.06.2011 വരെ വൈദ്യുതി ബോർഡിന് 1202.59 കോടി രൂപ വൈദ്യുതി ചാർജ്ജ് കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്. സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 144.18 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |
| (സി) വൈദ്യുതി ബോർഡിന് കുടിശ്ശിക തുക പിരിഞ്ഞുകിട്ടാനിരിക്കെ വീണ്ടും സർചാർജ്ജ് ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കാനുള്ള നടപടി ശരിയാണോ എന്ന് പരിശോധിക്കുമോ ? | (സി) വൈദ്യുതി ബോർഡ് അവലംബിച്ചു വരുന്ന Accrual Based Accounting സമ്പ്രദായമനുസരിച്ച് ഡിമാന്റ് തുക മുഴുവൻ പിരിഞ്ഞു കിട്ടിയതായി കണക്കിലെടുത്താണ് കമ്മി കണക്കാക്കുന്നത്. ആയതിനാൽ കുടിശ്ശിക തുക മുഴുവൻ പിരിച്ചെടുത്ത് കഴിഞ്ഞാലും കമ്മിയിൽ വ്യത്യാസം വരില്ല. 2011-2012 വർഷത്തെ ബോർഡിന്റെ റവന്യൂ കമ്മി 887.81 കോടിയായിട്ടാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അധികമായി ചെലവായ തുക പിരിച്ചെടുക്കുന്നതിനായി ഏർപ്പെടുത്തിയ സർചാർജ്ജ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ